


# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 14 No.9 Newsletter September 2016





## ദേവാലയ പ്രതിഷ്ഠ

സേലം മിഷൻ കേന്ദ്രത്തിൽ നമ്മുടെ സഭാംഗമായ ശ്രീ. ഇസ്രായേൽ ഗിൽബർട്ട് നൽകിയ സംഭാവനകൊണ്ട് തന്റെ മാതാവിന്റെ സ്മരണാർത്ഥം പണികഴിപ്പിച്ച ശ്രീമതി രത്നമ്മ ഇസ്രായേൽ മെമ്മോറിയൽ സി.എസ്.ഐ. ചർച്ച് കൽറായൻ മലയിലെ കരുമൺതുറയിൽ 2014 നവംബർ എട്ടാംതീയതി അഭിവന്ദ്യ ബിഷപ്പ് റൈറ്റ്. റവ. എ. ധർമ്മരാജ് റസാലം പ്രതിഷ്ഠിച്ചു മുകളിൽ കാണിച്ചിരിക്കുന്ന ചിത്രം പ്രസ്തുത ദേവാലയത്തിന്റേതാണ്.

# CHURCH VOICE

14th year of publication

SEPTEMBER 2016



**Chief Editor**

Rev. T. Selvarajan

**Editor**

Er. Priya Joy

**Sub Editor**

Mr. Premakumar P.R.

**Editorial Board**

Rev. Dr. Jyothi Issac
Rev. T. Velvet John
Rev. N.R. Sanil Kumar
Prof. Oliver A. Maison
Er. Lal C.L.



**Address**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**Printed at**

GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (4 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (4 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. Dr. Jyothi Issac (Presbyter) | | 9446849592 |
| Rev. T. Velvet John (Presbyter) | 2316544 | 9746670362 |
| Rev. N.R. Sanil Kumar (Presbyter) | 2316644 | 9446091420 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Er. Lal C.L. (Accountant) | 2336491 | 9447101223 |
| Mr. Arthur Roosevelt | | 9447461719 |
| Mr. Edward John J. | | 9495666455 |
| Er. Ceragil Austin Prince | | 9037819570 |
| Mrs. Freeda Christopher | | 9746296008 |
| Er. Priya Joy | | 9645314473 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

# എഡിറ്റോറിയൽ

ജനമല്ലാതിരുന്ന നമ്മെ ഒരു ജനമാക്കി മാറ്റിയ യേശുക്രിസ്തുവിന്റെ തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

യെശയ്യാവ് 60:1-ൽ  എഴുന്നേറ്റ് പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു.  യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു  .

യെശയ്യാവ് പ്രവചന പുസ്തകത്തിലെ രണ്ടാംഭാഗം മുഴുവനും ഇസ്രായേലിനെ ഒരു  സ്ത്രീ  ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഭൂമിയിലെ അവളുടെ സ്ഥാനം എന്നത്, വിലപിക്കുന്ന അമ്മ  എന്ന നിലയിൽ താഴ്ത്തപ്പെട്ടിരിക്കുന്നതും കാണുവാൻ കഴിയും.  ആ നിലയിൽ നിന്നും നാം കേൾക്കുന്നത്; അവൾ ഉണരുവാനും, പൊടിയിൽ നിന്നും എഴുന്നേൽക്കുവാനും, കഴുത്തിലെ ബന്ധനങ്ങളെ  അഴിച്ച് സ്വതന്ത്രയാകുവാനുമുള്ള പ്രചോദനമാണ്. അതിനായി അവളുടെ മേൽ പ്രകാശിപ്പിക്കപ്പെടുന്നത്, ദൈവത്തിന്റെ മഹത്വമാണ്. അങ്ങനെ പ്രകാശത്താലുള്ള സ്പർശനം അവളെ പ്രകാശമുള്ളവളാക്കി തീർക്കുകയാണ്. അവളുടെ പുനർചിന്തനവും മടങ്ങിവരവും അവളുടെ തന്നെ ജീവിതത്തെ പ്രകാശിപ്പിക്കുന്നു.

അന്ധകാരം എന്നത് പാപവും ദുഃഖവും അറിവില്ലായ്മയും ആകുന്നു. ഈ വക ചിന്തകളിലും പ്രവൃത്തികളിലും നാം ആയിരിക്കുവാൻ പാടുള്ളതല്ല. നമുക്കുള്ളിൽ  പ്രകാശം  ഉണ്ടെങ്കിൽ നമുക്ക്  പ്രകാശിക്കുവാനാകും. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദു  പ്രകാശത്തിൽ വസിക്കുക  എന്ന സത്യം ആകുന്നു. നാം ദൈവത്തോടൊപ്പം വസിച്ചാൽ നാം ദൈവത്തെപ്പോലെ ആകും.

ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്കുള്ളിൽ നിറയപ്പെടുമ്പോൾ നാം ഒരു വജ്രമായി തീരുകയാണ്. പ്രകാശത്തിലിരിക്കുന്ന വജ്രത്തിന്റെ എല്ലാ വശങ്ങളിൽ നിന്നും പ്രകാശകിരണങ്ങൾ പ്രതിഫലിക്കുന്നതുപോലെ ആകണം നമ്മുടെ ജീവിതവും.

കാലാകാലങ്ങളിൽ നമ്മുടെ ഇടവകയിലൂടെയും പൂർവ്വീകരിലൂടെയും ലഭ്യമായ ക്രിസ്തുവിശ്വാസ ജീവിതത്തിന്റെ പ്രകാശകിരണങ്ങൾ നമ്മിലൂടെ മറ്റുള്ളവരിലേയ്ക്ക് പകരപ്പെടുന്നതിനായി പാപത്തിൽനിന്നും, ദുഃഖത്തിൽനിന്നും അറിവില്ലായ്മയിൽ നിന്നും നാം എഴുന്നേൽക്കേണ്ടിയിരിക്കുന്നു.

ഓരോ ദിവസത്തേയും സൂര്യോദയത്തിന്റെ പ്രഭ മഹത്വവും ഐശ്വര്യവും ശ്രേഷ്ഠതയും നൽകുന്നതുപോലെ ഓരോ ദിവസവും നമ്മുടെ ജീവിതത്തെ ക്രിസ്തുവിലൂടെ അധികം മനോഹരമാക്കുവാൻ ശ്രമിക്കാം.

ദൈവത്തിലുള്ള ആശ്രയം, ദൈവവചനത്തോടുള്ള അനുസരണ മനോഭാവം ഇടവകയോടുള്ള സ്നേഹം, കാലാകാലങ്ങളിൽ ദൈവീക ശുശ്രൂഷ ചെയ്യുന്നവരോടുള്ള ബഹുമാനം, ദൈവീകമായ വിശ്വാസം, വിനയം, വിശ്വസ്തത, വിശുദ്ധി, വിവേകം എന്നിവയിലൂടെ യാത്ര തുടരുന്നതോടൊപ്പം സഹമനുഷ്യർക്ക് ജാതിമതഭേദമെന്യേ സേവനം ചെയ്യാം, നന്മ ചെയ്യാം, അർത്ഥപൂർണ്ണമായ ഒരു ജീവിതം കാഴ്ച വയ്ക്കാം.

നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമായ ഒരു പുതിയ മാസം ആശംസിക്കുന്നു.

*പ്രിയ ജോയ്*

## ഉപവാസ ആരാധന

**സെപ്റ്റംബർ 10, 2016** (രണ്ടാം ശനിയാഴ്ച) **രാവിലെ 10 മുതൽ 1 വരെ**

ശുശ്രൂഷ നയിക്കുന്നത് : **റവ. എൻ.ആർ. സനിൽകുമാർ**

## സ്ഥിരീകരണം

25-09-2016 ഞായറാഴ്ച 4.15 പി.എം.

## ധ്യാനം

സെപ്റ്റംബർ 4, 2016; വിദ്യാഭ്യാസ ഞായർ

**വിദ്യാഭ്യാസം സഭയുടെ ദൗത്യം**

*നെഹ 8:1-8,സങ്കീ. 119;41-8, അപ്ര. 18:24: 24-28, മത്താ. 5:1-12*

സെപ്റ്റംബർ 11, 2016: വനിതാ ഞായർ

**സ്ത്രീകളുടെ ശുശ്രൂഷയുടെ ഓർമ്മയും ആഘോഷവും**

*എസ്ഥേ. 4:1-17, സങ്കീ. 132, ഫിലി. 4:1-7, ലൂക്കൊ. 8:1-3*

സെപ്റ്റംബർ 18, 2016

**ഉപഭോക്തൃ സംസ്ക്കാരത്തോടുള്ള ക്രിസ്തീയ പ്രതികരണം**

*ഉൽപ്പ. 3:1-7, സങ്കീ. 37, ഫിലി. 3:17-21, മത്ത: 6:25-34*

സെപ്റ്റംബർ 25, 2016: വയോജന ഞായർ

**മുതിർന്ന പൗരന്മാരെ സംരക്ഷിക്കുകയും അംഗീകരിക്കുകയും ചെയ്യുക.**

*ഉൽപ്പ: 46:28-34, സങ്കീ. 21, 1 തിമൊ. 5:1-10, ലൂക്കൊ. 2:25-35*



# That They All May be one

Greetings to you in the name of our Lord and Saviour Jesus Christ.

As all of us are aware, the motto of the Church of South India is 'That they all may be one'. St. John's Gospel 17:21 Says. "I pray that they all may be one" and so on. There is also a worldly proverb such as 'Unity is Strength'.

Jesus is the God's only begotten son who United God and man by demolishing the wall of separation which is the sin of man. We claim to be his disciples. But have we ever thought about the unity among ourselves? Even the Church of Him who stood for unity and died for its sake is lacking in unity!

Abraham Lincoln the former President of America became martyr for the sake of the abolition of slavery and preservation of Unity. Since he rose up from a family of low financial background, he knew the value of considering all people equally.

I have heard a small story regarding unity in my boyhood days. A man had four children. As they grew up and became well settled they quarreled each other and went apart from their fathers home. As the father grew old and became bedridden, he worried about the disunity of his children. He knew that there are only few days left before him. So he called aside his four children. He asked them to pick up each splinter from the broomstick lying near his bed. As four of them took splinters, he asked them to break them. Four of them broke the single splinters in their hand. Then came the command of the father. "Now take this broomstick and break it into two". The four children individually tried their level best to break the broomstick which became a failure. "See you could easily break a splinter. But as the splinters gathered together as a broomstick you couldn't break it. Dear Children, if you stand united none can do any harm to you", saying this he breathed his last. The four children decided to stand United under any circumstances.

Psalm 133 speaks about the beauty of Unity. We say this Psalm during our Service regarding the Holy communion. The Psalmist depicts the wonder and happiness of unity beautifully. In the Holy communion, we are united among ourselves and also with God, fulfilling the meaning of Cross in our lives.

According to the Psalmist, the Unity is wonderful and pleasant just like the precious anointing oil running down from Aaron's head and beard down to the Collar of his robes.

Here the Unity has been universalized by the Psalmist. The anointing oil can be considered as the love of God. The head of Aaron can be considered as the clergy and the beard as the entire Christian community of the world. The anointing oil does not restrict its spreading to this beard it runs down continuously to the robe of Aaron which is not the part of his body. The robe of Aaron can be considered as the non Christians. The Psalmist concludes the Psalm "That is when the Lord has promised his blessing". In short the spreading of God's love is the responsibility of Gods children which will fetch blessings to themselves and all those to whom the love of God is shared.

As Christians, let us try to spread the blessings and Love of God to all the people we deal with and thus receive the blessings from God abundantly. May God give us the Grace for it. Amen.

May God Bless you all.

**Rev. T. Selvarajan**

***Presbyter-in-Charge***

ക്രിസ്ത്യാനിയാണെന്ന പേരിൽ നിങ്ങൾ അറസ്റ്റു ചെയ്യപ്പെട്ടാൽ

നിങ്ങൾ അതുതന്നെയാണെന്ന് ഉറപ്പിക്കാൻ അവർക്കെന്തെങ്കിലും

തെളിവു ലഭിക്കുമോ.....?

ഇല്ല!!!

തീർച്ചയായും കോടതി നിങ്ങളെ വെറുതെ വിടും

## SECRETARY'S REPORT



**കർത്താവിൽ പ്രിയരേ,**

രക്ഷകനായ കർത്താവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം.

Administrative Committee സഭയുടെ ചുമതല ഏറ്റെടുത്ത് ഒരുമാസം പിന്നിടുന്ന ഈ വേളയിൽ Church Voice - ലൂടെ നിങ്ങളെ ബന്ധപ്പെടാൻ ലഭിച്ച അവസരത്തിനായി ദൈവത്തോടു നന്ദികരേറ്റുന്നു.

പിന്നിട്ട ഒരു മാസവും ഞങ്ങളുടെ ശുശ്രൂഷയിൽ നിങ്ങൾ നൽകിയ എല്ലാവിധ സഹകരണത്തിനും നന്ദി രേഖപ്പെടുത്തുന്നു. അപ്രിത ക്ഷമായി ഏറ്റെടുത്ത ചുമതലയാണെങ്കിലും ദൈവകൃപയാൽ കമ്മിറ്റി അംഗങ്ങളുടെ പ്രാർത്ഥനയോടുകൂടെയുള്ള ഐക്യപരിശ്രമത്തിലും, പുരോഹിതന്മാരുടെ നല്ല നേതൃത്വത്താലും, കാര്യങ്ങൾക്കൊന്നും മുട ക്കമില്ലാതെ മെച്ചമായി പ്രവർത്തിക്കാൻ കഴിഞ്ഞു.

സഭയുടെ സമസ്തമേഖലകളിലും ഒരു പുത്തൻ ഉണർവ്വ് പ്രകട മാകുന്നതു ദൈവകൃപയുടേയും, ദൈവജനത്തിന്റെ സന്തോഷത്തോ ടെയുള്ള സഹകരണത്തിന്റെയും അടയാളമാണ്.

സഭയിലെ വിശ്വാസികൾക്ക് ആരാധനയിലൂടെ മതിയായ ആത്മീയ പരിപോഷണവും മനസ്സുകൾക്കു ആശ്വാസവും ലഭിക്കേണ്ടതാണ്. അതി നാൽ ആരാധനകൾ അനുഗ്രഹപൂർണവും, ആത്മീയ ഉണർവ്വ് ഉള്ളതും, ചൈതന്യവത്തായതും ആകണമെന്നാണ് കമ്മിറ്റിയുടെ ആഗ്രഹം. ആയതി ലേക്ക് ആരാധനകൾക്കു നേതൃത്വം നൽകുന്ന ശുശ്രൂഷകർക്ക് അനു കൂല സാഹചര്യം സൃഷ്ടിക്കുവാനുള്ള ഉത്തരവാദിത്വം സഭക്കുണ്ട്. ഈ ബോദ്ധ്യത്തോടുകൂടെ, നമ്മുടെ സഭയിലെ ശുശ്രൂഷകർ യാതൊരുവിധ മാനസിക സമ്മർദ്ദമില്ലാതെ തെളിഞ്ഞ, ശാന്തമായ മനസ്സോടെ ശുശ്രൂഷ കൾക്കു നേതൃത്വം നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന തിന് പ്രാധാന്യം കൊടുത്ത് സഭാ കമ്മിറ്റി പ്രവർത്തിക്കുന്നു. അതിനായി പുരോഹിതരുടെ ആലോചനകൾ സ്വീകരിച്ച് ശുശ്രൂഷയിൽ ആവശ്യ മായ കൈതാങ്ങും നൽകുന്നു.

സഭാകമ്മറ്റിയുടെ ഈ സമീപനം ആരാധനകളിൽ നന്മയായി പ്രതി ഫലിക്കുന്നു എന്നതിലും അതിനെ വിശ്വാസികൾ സഹർഷം സ്വീകരി ക്കുന്നു എന്നതിലും ചാരിതാർത്ഥ്യമുണ്ട്.

07-08-2016 ഞായറാഴ്ച Sunday School - ന്റെ Fancy Sale ആഹ്ലാദപൂർവ്വം ആഘോഷിച്ചു.

14-08-2016 ഞായറാഴ്ച Young Family Fellowship - ന്റെ നേതൃത്വത്തിലുള്ള Charity Fest കാര്യക്ഷമമായി നടന്നു. ഈ രണ്ടു സംരംഭങ്ങളും നന്നായി നടത്തിയ അതിന്റെ ഭാരവാഹികളെ അഭിനന്ദിക്കുന്നു. സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

13-08-2016 - ൽ നടന്ന മഹായിടവക കൗൺസിലിന്റെ പ്രാരംഭമായി നടത്തിയ തിരുവത്താഴ, അനുമോദന ശുശ്രൂഷക്കായി പള്ളിയും ടി. ജെ. എം. ഹാളും ലഭ്യമാക്കി ആവശ്യമായ ക്രമീകരണവും നടത്തി.

ചരമം:

1. Mrs. Irene Marian Arthur, Mani Mandiram,TC 11/1426-1,NCRA 101A, Nanthencode, TVM 3 Died on 05-08-2016. Family No. 0486
2. Mr. Charles J Sagara Residents-233,Choozhampala,Mukkola, TVM 44 Died on 05-08-2016 Family No. 0934
3. Mrs. Komala Kumari L Praveena, TC 15/1601-1,HsNo. 81,M P Appan Road,Vazhuthacaud Died on 08-08-2016 Family No. 0693
4. Mrs. Rachel Leela David Lee, TC 8/1850,VRA 105A, Vettamukku, Thirumala, TVM 6 Died on 09-08-2016 Family No. 0346
5. Mr. Praveen Clement Ist Floor, GV 60,TC 11/753-1,Robin Villa,Vayal Road,Nanthencode,Kowdiar P.O., TVM 3 Died on 09-08-2016 Family No. 1439
6. Mr.Sivanandan G. Koothakodu, Vadakumkara Puthenveedu, Moongodu, Peyad, P.O., Died on 11-08-2016 Family No. 1718
7. Mr.Kinchin Thomas Medayam, H No. E15,Devaswam Lane, Kesavadasapuram, TVM 4 Died on 13-08-2016 Family No. 1469

വേർപാട് ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ദൈവം ആശ്വാസം നൽകുമാറാകട്ടെ.

സ്നേഹപൂർവ്വം

നിങ്ങളുടെ സെക്രട്ടറി

**പ്രൊഫ. ഒളിവർ എ. മെയ്സൻ.**

# മാനസാന്തരവും ജീവനുള്ള ദൈവത്തിന്റെ സഭയും

**ബെഞ്ചമിൻ മോസസ്**

ദൈവം കൃപയാൽ നൽകുന്ന രക്ഷാനുഭവം പ്രാപിക്കുന്നതിനുള്ള ആദ്യപടിയാണ് മാനസാന്തരം. സ്വന്തം അവസ്ഥയെ ദൈവത്തിന്റെ വിശുദ്ധിയുടെ വെളിച്ചത്തിൽ കാണുന്നതുമൂലം സ്വന്തം മനോഭാവത്തെക്കുറിച്ച് അനുതപിക്കുകയും ചിന്തയും വാക്കും പ്രവൃത്തിയും ദൈവഹിതപ്രകാരമായിരിക്കുവാൻ പൂർണ്ണമനസ്സോടും പൂർണ്ണ ഹൃദയത്തോടും സമ്മതിക്കുമ്പോൾ മാനസാന്തരം എന്ന വലിയ പ്രക്രിയ നമ്മിൽ ആരംഭിക്കുന്നു.

പഴയനിയമ പ്രവാചകന്മാരും ന്യായപ്രമാണവും മാനസാന്തര സന്ദേശം നൽകി. സ്നാപക യോഹന്നാൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു (മത്താ. 3:2). എന്നാൽ യേശു പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ "കാലം തികഞ്ഞു" എന്നു കൂടെ കൂട്ടിച്ചേർത്തു ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു ദൈവരാജ്യത്തിന്റെ സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പ്രസംഗിച്ചു (മർ. 1:14, 15). അതായത് ന്യായപ്രമാണത്തിന്റെ പ്രവാചകന്മാരും കാലം അവസാനിച്ചു എന്നർത്ഥം (ലൂക്കൊ. 16:16). യേശുക്രിസ്തുവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കണമെന്നു പുനരുത്ഥാനത്തിനുശേഷം യേശുക്രിസ്തു ശിഷ്യന്മാർക്കു നിയോഗം നൽകി (ലൂക്കൊ. 24:47). മനുഷ്യരെല്ലാവരും മാനസാന്തരപ്പെടേണം എന്നത് ദൈവകൽപ്പനയാണ്. ദൈവം ലോകത്തെ നീതിയോടെ ന്യായം വിധിക്കുവാൻ ഒരു ദിവസത്തെ നിശ്ചയിച്ചിട്ടുണ്ട്. യേശുക്രിസ്തു പാപപരിഹാരം ക്രൂശിലെ യാഗത്തിലൂടെ പൂർത്തീകരിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതിനാൽ എല്ലാ മനുഷ്യർക്കും ന്യായവിധിയുണ്ടെന്ന് ദൈവം ഉറപ്പു നൽകിയിരിക്കുന്നു (അപ്ര. 17:30, 31). യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കാതിരുന്നുവെങ്കിൽ മാനസാന്തരമെന്ന വിഷയം ചിന്തിക്കേണ്ട ആവശ്യം തന്നെയില്ലായിരുന്നു.

യിസ്രായേൽ ജാതിക്കാരനും ബെന്യാമിൻ ഗോത്രക്കാരനും എട്ടാം നാളിൽ പരിച്ഛേദന ഏറ്റവനും ന്യായപ്രമാണം മറ്റുള്ളവരെ പഠിപ്പിക്കുവാൻ തക്ക യോഗ്യത നേടിയവനുമായിരുന്നു പൗലൊസ് എന്ന പേരുള്ള ശൗൽ. ശിശുവായ യേശുവിനെ ഒടുക്കിക്കളയുവാൻ കച്ചകെട്ടിയിറങ്ങിയ ഹേരോദാവിനെപ്പോലെ ക്രിസ്തീയ സഭയെ മുളയിലെ നുള്ളിക്കളയുവാൻ ശൗൽ ദൃഢപ്രതിജ്ഞ ചെയ്തു. ഉല്പത്തി മുതൽ മലാഖി വരെ എഴുതപ്പെട്ട തിരു

വെഴുത്തുകളിൽ അവൻ പണ്ഡിതനായിരുന്നു. സങ്കീർത്തനങ്ങൾ അവന്റെ പാട്ടുകളും പ്രാർത്ഥനകളുമായി ഉപയോഗിച്ചിരുന്നു. അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെ ദൈവത്തെ തന്നെയാണ് അവൻ ആരാധിച്ചിരുന്നത്. ഏകസത്യദൈവത്തെ അവനു അറിയാമായിരുന്നു എങ്കിലും അവിടുന്ന് അയച്ച യേശുക്രിസ്തുവിനെ അവൻ അറിഞ്ഞിരുന്നില്ല (യോഹ 17:3). ദമസ്കൊസിന്റെ പട്ടണ വാതിൽക്കൽ തന്നെ അഭിമുഖീകരിച്ച പ്രകൃത്യാതീത ശക്തി, യേശു ആണെന്നു അറിഞ്ഞപ്പോൾ ശൗൽ പെട്ടെന്നു തന്റെ തെറ്റു മനസ്സിലാക്കി ദൈവത്തിനു പൂർണ്ണമായി കീഴടങ്ങി. ഇതാണ് യഥാർത്ഥ മാനസാന്തരം.

അധികം താമസിയാതെ യഹൂദന്മാരുടെ പള്ളികളിൽ യേശു തന്നെ ക്രിസ്തു അഥവാ ദൈവപുത്രൻ എന്നു തിരുവെഴുത്തുകളാൽ തെളിയിച്ചു ഉപദേശിച്ചു തുടങ്ങി. അനേകർ മാനസാന്തരപ്പെട്ടു ക്രിസ്തു മാർഗ്ഗത്തിലേക്ക് കടന്നുവന്നു. അങ്ങനെ തന്റെ മിഷണറിയാത്രകളിൽ പ്രാദേശിക സഭകൾ സ്ഥാപിക്കപ്പെട്ടു. ആസ്യയിലെ മൂന്നരവർഷത്തെ ശുശ്രൂഷയ്ക്കുശേഷം യെരുശലേമിലേക്ക് യാത്രയാകുന്നതിനുമുൻപ് നടത്തിയ വിടവാങ്ങൽ സന്ദേശം വളരെ പ്രധാനപ്പെട്ടതാണ് (അപ്പൊ. 20:17-35). ദൈവത്തിങ്കലേയ്ക്കുള്ള മാനസാന്തരവും യേശുക്രിസ്തുവിലുമുള്ള വിശ്വാസം വളരെ വ്യക്തമായി അദ്ദേഹം ഉപദേശിച്ചു.

ഈ സത്യം നാമും വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. എല്ലാ മനുഷ്യനും പാപം നിമിത്തം സത്യദൈവത്തിൽ നിന്നും മനസ്സുകൊണ്ടും ഹൃദയം കൊണ്ടും അകന്നുപോയി. എന്നാൽ ദൈവം തന്റെ കരുണാധിക്യപ്രകാരം സകല മനുഷ്യർക്കും രക്ഷാകാരണമായ ദൈവകൃപയായ യേശുക്രിസ്തുവിനെ നൽകി. ദൈവത്തിനു മനുഷ്യനോടു കാണിക്കുവാനുള്ള സർവ കോപവും യേശു തന്റെ ശരീരത്തിൽ വഹിച്ചു ക്രൂശിൻ മേൽ കയറി മരിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുവിനെ നമ്മുടെ പാപപരിഹാരിയായി വിശ്വസിച്ച്, നമ്മെ സ്നേഹിച്ച് നമ്മോടുള്ള കോപത്തെ യേശുവിന്മേലാക്കിയ പിതാവായ ദൈവത്തോട് അടുത്തു ചെല്ലുമ്പോൾ അതായത് മാനസാന്തരപ്പെടുമ്പോൾ അവിടുന്ന് നമ്മെ നീതിമാനാക്കുകയും ശുദ്ധീകരണ പ്രക്രിയയിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യും.

യേശുക്രിസ്തുവിനാൽ നാം നീതീകരിക്കപ്പെട്ടതിനു ശേഷം ചെയ്യുന്ന നീതി പ്രവർത്തികൾക്കാണ് സ്വർഗ്ഗം പ്രതിഫലം തരുന്നത്. യേശുക്രിസ്തു പറഞ്ഞു “നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ” (വെളി. 22:11).

ഒരു മനുഷ്യൻ മാനസാന്തരപ്പെടുമ്പോൾ ദൈവം അവനെ തന്റെ കുടുംബത്തിന്റെ അംഗമാക്കുന്നു. ക്രിസ്തുവിന്റെ സഭ സ്വർഗ്ഗസ്ഥനായ പിതാവിന്റെ

കുടുംബമാണ് (എഫെ. 3:14). സ്വർഗ്ഗീയ കുടുംബത്തിലേക്ക് പ്രവേശനം ലഭിച്ചെങ്കിലും നാം ഈ ദുഷ്ട ലോകത്തിൽ ജീവിക്കുന്നതിനാലും നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആഗ്രഹങ്ങൾ ഭൂരിഭാഗവും ദൈവത്തിനിഷ്ടമല്ലാത്തതാകയാലും ദൈവത്തിനു പ്രസാദനമായവ എന്തെന്നു തിരിച്ചറിഞ്ഞ് ദിനംതോറും നാം രൂപാന്തരപ്പെടേണ്ടതാണ്. എന്നാൽ ഇന്ന് സഭയിലെ അംഗങ്ങളായാൽ, സ്നാനപ്പെട്ടാൽ, തിരുവത്താഴത്തിൽ യോഗ്യരായാൽ പിന്നെ ഒരു ഉത്തരവാദിത്തവും ഇല്ല എന്നാണ് ബഹുഭൂരിപക്ഷം പേരും വിശ്വസിക്കുന്നു.

അതുകൊണ്ട് തന്നെ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു സുവിശേഷം അറിയിച്ചതു നിമിത്തം പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ട യോഹന്നാനു തന്റെ മഹാതേജസ്സുള്ള രൂപത്തോടെ പ്രത്യക്ഷപ്പെട്ടിട്ട് സഭകളെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ അറിയിക്കുകയാണ്. ആരാധനയും സ്തോത്രവഴിപാടുകളും പ്രസംഗങ്ങളും പ്രാർത്ഥനകളും കൊണ്ട് നിറഞ്ഞിരിക്കുന്ന സഭകളോട് കർത്താവ് പറയുന്നു: ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു.... മാനസാന്തരപ്പെടുക (വെളി. 2:1, 5, 15, 19, 22; 3:1, 3, 15, 19) മാനസാന്തരപ്പെട്ടില്ലെങ്കിൽ നൽകുന്ന ശിക്ഷകളും യേശുക്രിസ്തു പറയുന്നുണ്ട്. ഇവിടെ നാം മനസ്സിലാക്കുന്നത് സഭയും മാനസാന്തരപ്പെടണമെന്നാണ്. ഇന്ന് സഭയ്ക്ക് ധനമുണ്ട്, ഒന്നിനും മുട്ടില്ല, ഭൗതീകമായി ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു, സഭയുടെ നാഥനും കർത്താവുമായ യേശുക്രിസ്തു പറയുന്നു നാം ആത്മീകമായി നിർഭാഗ്യവാന്മാരും, അരിഷ്ടനും ദരിദ്രനും, കുരുടനും, നഗ്നനുമാണ്. അതുകൊണ്ട് ആരാധന മുടക്കരുത് എന്നോ, കൂടുതൽ സ്തോത്രക്കാഴ്ച കൊടുക്കണമെന്നോ, കൂടുതൽ പ്രാർത്ഥിക്കണമെന്നോ അല്ല യേശുക്രിസ്തു പറയുന്നത്. മാനസാന്തരപ്പെടുക മാനസാന്തരത്തിനു പകരം മറ്റൊന്നില്ല. ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ എന്ന് ആവർത്തിച്ച് സഭയുടെ മാനസാന്തരത്തെക്കുറിച്ച് യേശുക്രിസ്തു പറയുന്നത് നാം അവഗണിച്ചാൽ ശിക്ഷ എത്ര ഭയങ്കരം.

നമ്മുടെ മനസ്സും മനഃസാക്ഷിക്കും ദൈവസന്നിധിയിൽ നേരുള്ളതാകേണ്ടതിനു ദൈവത്തിന്റെ അടുക്കലേക്കു ചെല്ലാം; നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാം; സങ്കടപ്പെട്ടു ദുഃഖിച്ചു കരയാം; നമ്മുടെ ചിരി ദുഃഖമാക്കും സന്തോഷം വിഷാദമായും തീരട്ടെ. കർത്താവിന്റെ സന്നിധിയിൽ താഴാം. എന്നാൽ അവൻ നമ്മെ ഉയർത്തും. യാക്കോബ് ലേഖനം 4-ാം അദ്ധ്യായം 8 മുതൽ 10 വരെയുള്ള വാക്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

യേശുക്രിസ്തുവിനു മാത്രമെ നമ്മുടെ മനഃസാക്ഷിയെ ജഡത്തിന്റെ പ്രവൃത്തികളെ നീക്കി ശുദ്ധീകരിപ്പാൻ കഴിയുകയുള്ളൂ എന്ന് (എബ്രാ.

9:14). ഈ സത്യം ഹൃദയപൂർവം അംഗീകരിച്ച് നമ്മുടെ മനഃസാക്ഷിയിലെ അശുദ്ധികൾ നമുക്ക് ഉപേക്ഷിക്കുവാൻ മനഃപൂർവമായി തീരുമാനിക്കാം. ഗലാ. 5:19–21 വരെ കാണുന്ന പട്ടികയിലുള്ളവയിൽ നിന്നും മാനസാന്തരപ്പെടാം. സ്നാനവും തിരുവത്താഴവും മാനസാന്തരത്തിനു പകരമാകുമെങ്കിൽ സഭയുടെ നാഥനായ കർത്താവ് സഭകളോട് മാനസാന്തരപ്പെടാൻ കൽപ്പിക്കയില്ലായിരുന്നു. നാം നമ്മെ തന്നെ വഞ്ചിക്കാതെ യേശുക്രിസ്തു നമ്മെ മാനസാന്തരത്തിനു വിളിക്കാനും പിതാവിങ്കലേക്കു തന്റെ യാഗത്തിലൂടെ വഴി തുറന്നവനുമാണെന്നറിഞ്ഞ് മാനസാന്തരപ്പെടാം.

യിസ്രായേൽ ജനത്തിനു ദൈവം കൊടുത്ത മുന്നറിയിപ്പ് ശ്രദ്ധിക്കുക: യിസ്രായേൽ ഗൃഹം: കർത്താവിന്റെ വഴി ചൊവ്വുള്ളതല്ല എന്നു പറയുന്നു; യിസ്രായേൽഗൃഹമേ, എന്റെ വഴികൾ ചൊവ്വുള്ളവയല്ലയോ? നിങ്ങളുടെ വഴികൾ ചൊവ്വില്ലാത്തവയല്ലയോ? അതുകൊണ്ടു യിസ്രായേൽഗൃഹമേ, ഞാൻ നിങ്ങളിൽ ഓരോരുത്തനും അവനവന്റെ വഴിക്കു തക്കവണ്ണം ന്യായം വിധിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു: അകൃത്യം നിങ്ങൾക്കു നാശകരമായി ഭവിക്കാതെയിരിക്കേണ്ടതിനു നിങ്ങൾ മനന്തിരിഞ്ഞു നിങ്ങളുടെ അതിക്രമങ്ങളൊക്കെയും വിട്ടുതിരിവിൻ (യെഹ. 18:29–30).

നാം മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ വിശുദ്ധരും നിഷ്കളങ്കരുമായിത്തീരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്ന യേശു സത്യമായിട്ടു പറഞ്ഞു. പാമ്പിനെപ്പോലെ വിഷവും പ്രാവിനെപ്പോലെ ചിറകും കൊണ്ട് സ്വർഗത്തിലേക്കു പോകുവാൻ കഴികയില്ല. അതുകൊണ്ട് നിത്യജീവൻ എന്ന വാഗ്ദത്തം ദൈവം നമുക്ക് നൽകിയിരിക്കയാൽ മനസ്സിലെയും മനഃസാക്ഷിയിലെയും സകല അശുദ്ധികളും നീക്കി നമ്മെത്തന്നെ വിശുദ്ധീകരിച്ച് ദൈവഭയത്തിൽ വിശുദ്ധിയെ തികെയ്ക്കാം. ●

## Baptism

| Sl No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1919 | Mast.Neil Titus Jinoj | 14-08-2016 |

## Confirmation

| Sl No | Family No | Name | Confirmation Date |
|---|---|---|---|
| 1 | 1509 | Ms.Joseena Josh | 14-08-2016 |
| 2 | 1516 | Ms.Anushya Nathania Chandran | 14-08-2016 |

# The Power of Prayer Life



**Daniel Wellington**

Christ's Ascension marked the completion of His earthly ministry, His victory - God is still on the throne won on the cross. God's mighty power manifest through all ages greater than one can think. This wonderful promise shows that God intended the marvelous answers to prayer in the name of Jesus Christ, glorifying God what a challenge to ask great things of God and glorify a great saviour by letting Him manifest His power.

The Bible is a book of marvelous answer to prayer, of big faith, of a bigger God. Never is there a hint throughout the Bible that any man ever expected too from God or that God was ever displeased because one asked for mighty things. Where the Word of God is preached and practiced, the lives of believers are transformed.

**Why do we pray?**

➲ Prayer enables us to put all our burdens on the lord Jesus Christ.

➲ Through prayer God's Kingdom can be more fully established on earth.

➲ Prayer enables us to grow spiritually. It brings forgiveness, strength, peace, guidance and the holy spirit into our lives.

If my heart has been turned away from the Bible, I am out of touch with all the promises of God for answers to my prayers. Faith is the very first requirement for anyone who would do anything pleasing God. Without faith one cannot pray acceptably. God always saved people by faith in Christ and no other way God has always been holy, always has been almighty, always has been merciful; and so God has always been the God who hears and answers prayer.

When we persevere in prayer, our faith is strengthened. David cried unto God with a deep sense of anguish and a desperate heart for his prayer to be heard and God did answer his prayer. The book of

Psalms is so full of praises and prayers touching on almost every imaginable situation in human life. They are a wonderful source of inspiration for all believers always. Prayers never failed – praise Him for hearing our prayers.

We read in the gospels about His discipline for prayer life and how He took time alone to be with His Father in heaven. David and Daniel prayed diligently and experienced the power of God. Bible encourages us to pray – "Pray without ceasing". They drew their strength from God.

Prayer-hearing is one of His attributes, a part of His nature. He inspired the psalmist to call Him "Thou that hearest prayer". No one can come to God, no one can be saved, no one can please God, except they believe God answers prayer. Without faith it is impossible to please Him. And this faith simply means that one believes that there is a God and believes that He hears and answers prayer. Successful prayer is for those who love the Lord and are surrendered to His will.

Then if God be a God who hears and answers prayer, let us pray. Prayer then, becomes most compelling Christian duty. There is no way for Christians to have God's power except by prayer.

God is ready to answer our prayers provided we pray in the right spirit pleasing and acceptable to God. The gospels record many promises about God answering prayer in the context of teaching about God's help to be effective in prayer so that we receive what we ask for (Roman 8:26-27).

The gospel calls for a compassionate response to all those who are suffering. Do you want something from God? Prayer gets things from God, and the great condition of getting things is asking for them. Some Scriptures give special promises for those who ask in faith. Others mention that we can get anything we need if we ask according to His will.

Again we are told that whatever we shall ask in Christ's name, we can have. Then if two are agreed, they can have what they ask. Those who cry day and night to God will be heard speedily. The dear Lord Jesus was always honest and always exactly accurate. He said, if

you ask, you shall receive. If you seek, you shall find. If you knock, it shall be opened unto you. (Luke 11:9)

Prayerlessness is a terrible sin. For the lost sinner, it is a part of his wicked rejection of Christ. There are many commands in the Bible that Christian should pray. Jesus wants His disciples more than once to watch and pray lest they enter into temptations. God's standards are proper standards, and God's words say what they mean and mean and mean what they say.

Prayer is almost universal in mankind. It is in the very nature of God to answer prayer even for unworthy creatures. Jesus prayed that there may be one Flock and one Shepherd (John 10:16). Jesus kept prayer as more important than food (Matthew 4:2). Prayer was the basic lifestyle of Jesus Christ. Prayer was the lifeline between Jesus and the Father.

Prayer ought to raise from the heart like the fragrance from burning incense on an alter day and night, all the time. The soul of a Christian can be so possessed of God, so hungry for His presence, the searching for God's face and His will and way and work.

The Church is called to be salt and light of the earth. Our areas of mission and evangelism should be accessible to those who are in need. Churches are called to express oneness in their joint endeavors. This calls for a unity that is essential. A divided church cannot be a missionary church. The church is called upon to nurture the seeds of the gospel.

Let us make prayer the biggest work of our life's and the greatest enjoyment and unceasing activity of our lives' journey.

●

***We are all equal in the fact that we are all different we are all the same in the fact that we will never be the same. We are united by the reality that all colours and all cultures are distinct and individual. We are harmonious in the reality that we are all held to this earth by the same gravity. We don't share blood, but we share the air that keeps us alive.***

***- C. Joybell C.***



# സത്യവും ധർമ്മവും ഈ കാലഘട്ടത്തിൽ

**ഇ. എച്ച്. ഹെലൻ സാറാമ്മ**
(റിട്ടയേർഡ് സബ് രജിസ്ട്രാർ)

**സത്യവും ധർമ്മവും എന്നാലെന്ത്? അവ ഈ കാലഘട്ടത്തിൽ എപ്രകാരമാണ് നമ്മെ നയിക്കുന്നത്?**

1. ഒന്നാമതായി വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം 18-ാം അദ്ധ്യായം 37-ാം വാക്യം യേശു പിലാത്തോസിനോട് "സത്യത്തിനു സാക്ഷി നിൽക്കേണ്ടതിനു ഞാൻ ജനിച്ചു അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു." എന്നു പ്രതിഫലിച്ചിരിക്കുന്നു. വീണ്ടും യേശു അരുളി ചെയ്യുന്നു. "സത്യതല്പരനായവൻ എല്ലാം എന്റെ വാക്കുകേൾക്കുന്നു" എന്നു പ്രതിപാദിക്കുന്നു. ഇവിടെ കർത്താവായ യേശു നമ്മോട് അവന്റെ കല്പന അനുസരിക്കുന്നവർക്കു മാത്രമേ സത്യതല്പരർ ആയിരിക്കുവാൻ സാധിക്കുകയുള്ളൂ എന്നു നമ്മെ ഉത്ബോധിപ്പിക്കുന്നു.

2. വിശുദ്ധ യോഹന്നാൻ 18-ാം അദ്ധ്യായം 38-ാം വാക്യം അതിനു ശേഷം പീലാത്തോസ് യേശുവിനോട് "സത്യം എന്നാൽ എന്ത്" ചോദിക്കുന്നു. സത്യം എന്നാൽ സാക്ഷാൽ ദൈവമായ യേശുക്രിസ്തു തന്നെയാണ് കർത്താവായ യേശുക്രിസ്തുവിൽ നമ്മുടെ പാപത്തിന്റെ രക്ഷയ്ക്കായി കാൽവരിക്രൂശിൽ പാപയാഗമായി. എന്നാൽ അരുമ നാഥനായ യേശു 3-ാം ദിവസം മരണത്തെ അതിജീവിച്ച് ഉയിർത്തു. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരുന്നു നമുക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നു. പിതാവും യേശുവും ഒരു ദൈവമാകുന്നു. കർത്താവ് ഞാനും പിതാവും ഒന്നാകുന്നു എന്നു പലപ്രാവശ്യം നമ്മെ ഉത്ബോധിപ്പിക്കുന്നു. യേശുക്രിസ്തു ഇന്നും ജീവിക്കുന്ന ദൈവമാകുന്നു.

3. വിശുദ്ധ യോഹന്നാൻ സുവിശേഷം 15-ാം അദ്ധ്യായത്തിൽ സത്യത്തിന്റെ ആത്മാവിനെ കുറിച്ച് പ്രതിപാദിക്കുന്നു. വിശുദ്ധ യോഹന്നാൻ 15:26-ൽ "ഞാൻ പിതാവിന്റെ അടുക്കൽ നിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും" എന്നു യേശു പ്രതിപാദിച്ചിരിക്കുന്നു.

4. വിശുദ്ധ യോഹന്നാൻ 14:6 -ൽ യേശു തോമസിനോട് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്നും ഞാൻ മുഖാന്തരമല്ലാതെ ആരും പിതാ

വിന്റെ അടുക്കൽ എത്തുന്നില്ല" എന്നും പ്രതിപാദിച്ചിരിക്കുന്നു. എന്താണ് വഴി? ജീവന്റെ വഴി നമ്മൾ പിൻതുടരണമെങ്കിൽ നമ്മുടെ കുടുംബം ദൈവ കേന്ദ്രിതമാകണം എന്നാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ദൈവത്താൽ അനുഗ്ര ഹിക്കപ്പെടണമെങ്കിൽ സത്യവും ധർമ്മവും നിലനിർത്തുന്നവർ ആയിരിക്ക ണം. യേശുവിന്റെ മാതൃകയുള്ള കുടുംബം ലാസറിന്റെ കുടുംബം യോശു വായുടെ കുടുംബം ഇവയെല്ലാം ദൈവ കേന്ദ്രിതമായിരുന്നു. സ്വാർത്ഥതയും അസൂയയും മറ്റുള്ളവരെ വേദനിപ്പിക്കുന്ന വാക്കുകളും പ്രവർത്തികളുമെല്ലാം കൈവെടിയണം. കുടുംബത്തിലും സഭയിലും സമൂഹത്തിലും ഐക്യതയു ള്ളവർ ആയിരിക്കുവാൻ കർത്താവു നമ്മെ ഉത്ബോധിപ്പിക്കുന്നു.

5. അധർമ്മം പ്രവർത്തിച്ചതിനാൽ അനന്യാസ് സഫീറ ദമ്പതികൾ ദാരുണ മായി മരണപ്പെട്ടു. കർത്താവിനായി നേർച്ച നേർന്ന വസ്തുവിറ്റ ധനത്തിൽ നിന്നും വലിയൊരു പങ്ക് അവർ മാറ്റിവച്ചു. പത്രോസിനോട് വ്യാജം പറ ഞ്ഞതിനാൽ അവർക്കു ദുരന്തം സംഭവിച്ചു മരണപ്പെട്ടു. അപ്പോസ്ഥല പ്രവർത്തികൾ 5-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നു.

6. സത്യം നമ്മെ സ്വതന്ത്രരായി വിടുവിക്കുന്നു, സൗഖ്യം നൽകുന്നു, ജീവൻ നൽകി വീണ്ടെടുക്കുന്നു. നമ്മുടെ സമ്പത്തും ആരോഗ്യവും കഴിവുകളും എല്ലാം കർത്താവിനായി സമർപ്പിക്കാം. ദൈവം സർവ്വശക്തനാണ് സർവ്വ വ്യാപിയും സൗഖ്യദായകനും ജീവന്റെ ഉടയവനും എല്ലാമെല്ലാമാണ്. ഈ ദൈവം നമ്മെ കൈവെടിയുകയോ ഉപേക്ഷിക്കുകയോ ഇല്ല.

## Sunday School വാർത്തകൾ

### Sunday School Fancy Sale 2016

ഈ വർഷത്തെ **Sunday School Fancy Sale** 07-08-2016-ൽ റ്റി.ജെ.എം. ഹാളിൽവച്ച് നടന്നു. റവ. റ്റി. സെൽവരാജൻ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് നമ്മുടെ സഭാംഗമായ ശ്രീ.എ. ജ്യോതി സത്യനേശൻ സെയിൽ ഉദ്ഘാടനം ചെയ്തു. ഇതിലൂടെ സണ്ടേ സ്കൂളിന്റെ ആവശ്യത്തിലേയ്ക്കായി 81,000 രൂപ സമാഹരിക്കാൻ കഴിഞ്ഞു. സഹകരിച്ച എല്ലാവർക്കും നന്ദി.

### Sunday School Area Competitions 2016

സണ്ടേ സ്കൂളിന്റെ ഈ വർഷത്തെ ഏരിയാതല മത്സരങ്ങൾ 10-09-2016 (ശനിയാഴ്ച) രാവിലെ 9 മണി മുതൽ എൽ.എം.എസ്. കോമ്പൗണ്ടിലുള്ള വിവിധ ഹാളുകളിൽ വച്ച് നടക്കുന്നതാണ്. ഡിസ്ട്രിക്റ്റ് മത്സരങ്ങളിൽ 1-ഉം, 2-ഉം സ്ഥാനങ്ങൾ ലഭിച്ചവർ ഏരിയ മത്സരങ്ങൾക്കായി തയ്യാറാവുക.

*Sunday School Secretary*

(തുടർച്ച....)

# കരം (നികുതി)

**സാം ഏനോക്ക്**



**4) 993 മേടമാസം 19 ന് വിളംബരം ....**

ശുദ്രജാതിയിലും, ഈഴവരു, ചാന്നാരു, മരയ്ക്കാരുൾപ്പെട്ട ജാതിയിലുള്ള സ്ത്രീകളും; പുരുഷന്മാരും പൊന്നുകൊണ്ടും വെള്ളികൊണ്ടും ഓരോ ആഭരണങ്ങൾ ഉണ്ടാക്കിയിടണമെന്ന് മനസ്സുണ്ടായാൽ മുടുക് വീരചങ്ങല പൊന്നും തക്ക ഈഴവരുൾപ്പെട്ടവർക്ക് കടുക്കൻ .... പണ്ടാരവകയിൽ ബോധിപ്പിച്ച് അടിയറയും തീർന്ന് .... ആഭരണങ്ങൾ ഇട്ടുവരുന്നു. ഈ അടിയറ / നികുതി ഇന്നുമുതൽ നിർത്തൽ ചെയ്യുന്നു.

**5) 995 ചിങ്ങമാസം 21–ാം തീയതി**

ഏഴ ജാതികളോട് കരംപിരിക്കുന്നത് നിർത്തൽ ചെയ്ത് 91–ാം മാണ്ട് രാജവിളംബരം ഉണ്ടായി. പാവങ്ങളെ കൊട്ടിലിൽ ഏൽപ്പിച്ച് തീർപ്പാക്കി കരം ഒടുപ്പിക്കുന്നതിനാൽ 95 മുതൽ നിർത്തൽ ചെയ്തിരിക്കുന്നു എന്ന് വീണ്ടും വിളംബരം ....

*ഈ രാജ്യത്തു ഏഴജാതി ആയിട്ടൊള്ള ഈഴവർ, ചാന്നാർ, വണ്ണാർ, കാവതി, മുക്കുവർ പറയരു മുതലായ ആളുകളുടെ പെരിലൊള്ള തലയറ വലയറവകപ്പണം കുറച്ചുകൊടുത്തിരിക്കുന്നതല്ലാതെ ചെട്ടികൾ, വാണിയർ, ഇലവാണിയർ, തൊൽവാണിയർ, കാംകയർ, വൈരാവിമാർ ചക്കാലയർ, കലച്ചെട്ടി, പട്ടാലിയർ, പിത്തളവെലക്കാററു പട്ടറക്കാററു അരിപ്പരു കുടശരവണക്കാററു ചെമ്പുതട്ടികൾ കന്നാന്മാർ വെട്ടക്കാറച്ചികൾ, ചാന്തുക്കാററു, മക്കാച്ചികൾ, കൊരമ്പാനിശവുകാററ വട്ടിവാണിഭം പലജാതികൾ പാണൻ തട്ടാൻ ചായക്കാറൻ വണ്ണാൻ ഈരംകൊല്ലി ചുണ്ണാമ്പുപരവർ ഉപ്പളവർ നാളികൾ കണികൾ പരവർ കത്തിക്കാററ പതിയർ തീണ്ടാപ്പറയർ അയവുകാറൻ ഇതിന്മണ്ണം ഒള്ള ജാതിക്കാരരു കെട്ടിലക്കം ഏറയിലക്കം മഞ്ചക്കുളിയാൻപണം മുതൽക്കൂട്ടിയിരിക്കുന്നതും കുറച്ചുകൊടുക്കത്തക്കവണ്ണം 91–ാം മാണ്ട് നമ്മുടെ വിളംബരം പ്രസിദ്ധിപ്പെടുത്തിയതിന്റെ ശെഷം.*

*മെൽ എഴുതിയ ജാതിക്കാരുടെ പെരിൽ കെട്ടിലക്കം മുതൽക്കൂട്ടിയിരിക്കുന്ന പണം പണ്ടാരവകക്കു കുറച്ചുകൊടുത്തിരിക്കുന്നതിന്മണ്ണം ശ്രീപണ്ടാരവകക്കും സങ്കെതം മേൽകങ്ങാണം മടപ്പാടുഉൾപ്പെട്ടവകയിൽ 91–ാമാണ്ടു മുതൽക്കു കെട്ടിലക്കം മുതൽ കൂട്ടിയിരിക്കുന്ന പണവും ആ വകയിൽ 94 –ാം മാണ്ടുവരെ ഒടുക്കു നീക്കി കുടിശ്യ ഒള്ള പണവും നൃത്തൽ ചെയ്തിരിക്കകൊണ്ടു ഇനിമെൽ ആവക പണത്തിനു ചോദ്യം ചെയ്യാനും ആയ്തു അനുസരിച്ചു ഒരുത്തരം പണം ഒടുക്കുവാനും ആവശ്യമില്ലാ” ........*

*കരം ഒടുക്കിയില്ലെങ്കിൽ പിടിച്ചുകൊണ്ടുവന്ന് ആമത്തിൽ വെയ്ക്കുക, ലഭ്യമാകുന്ന വസ്തുവകകൾ ലേലത്തിൽ വയ്ക്കുക. –*

## *തുടർ വിളംബരം*

**6) 998 ധനുമാസം 21– ലെ വിളംബരം**

*"......കുടിയാനവന്മാരിൽ ആരെങ്കിലും അവരുടെ പെരിൽ ഒള്ള പണം ഒടുക്കിത്തീർക്കാതെ ഇരുന്നാൽ ആയാളുകളെ പിടിച്ചുകൊണ്ടുവരുന്നതിനും പാറാവിൽ പാർപ്പിക്കുന്നതിനും ഹംകാമി ശെവുകക്കാറരെന്നു പെരുള്ള ചെറിയ കഞ്ചൂട്ടക്കാറരെ വില്ലയും വാറും കൊടുത്തു ആക്കത്തക്കവണ്ണം ചട്ടം കെട്ടി കുടിശ്ശിഖ ഇടുന്ന കുടിയാനവന്മാരെ മെൽ എഴുതിയ ശെവുകക്കാറരെ അയച്ച പിടിപ്പിച്ചുകൊണ്ടുവന്നു പാറാവിൽ പാർപ്പിക്കെണ്ടുന്നതിനു തഹശീൽദാരന്മാർക്കു ഉത്തരവുകൊടുത്തിട്ടും ഒണ്ട......"*

**7) 1040 കർക്കിട മാസം 21– ന്**

ദശകാണി മുതൽ കൈക്കൂലിവരെയുള്ള 115 ടാക്സുകൾ നിർത്തൽ ചെയ്യുന്നു.

താഴെപറയുന്ന കരങ്ങൾ ദൊഷകരമായും ചില്ലറ ഉപദ്രവങ്ങൾക്ക് ഹെതുവായും കാണകകൊണ്ടും അതുകളെ ഇന്നേദിവസം മുതൽ നിർത്തൽ ചെയ്തിരിക്കുന്നു.

**8) 1068 കർക്കിടക മാസം 21–ാം തീയതി**

ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് വിരുത്തി പുതുക്കൽ വിളംബരം

1. ഇപ്പോൾ തൽക്കാലം വിടുതൽ ചെയ്യപ്പെട്ടിരിക്കുന്ന എല്ലാ ഊഴിയങ്ങളിൽ നിന്നും വിരുത്തിക്കാരവരെ 1069 ചിങ്ങമാസം 1–ാം തീയതി മുതൽ പൂർണ്ണമായും സ്ഥിരമായും ഒഴിച്ചിരിക്കുന്നു.

എ) തിരുവനന്തപുരത്ത് തിങ്കൾ സംബന്ധിച്ച കൊപ്പുകൾ ഏൾപ്പിക്ക.

ബി) പുറമെയുള്ള ദെവസ്വം ഊട്ടു സംബന്ധിച്ച കൊപ്പുകളും സാമാനങ്ങളും ഏൾപ്പിക്കുക.

സി) നമ്മുടെയോ നമ്മുടെ കുടുബത്തിൽ ഉള്ളവരുടെയും സഞ്ചാര സമയങ്ങളിൽ കൊപ്പു സാമാനങ്ങൾ ഏൽപ്പിക്കുന്നത് സംബന്ധിച്ച ഊഴിയങ്ങൾ.

**2) മേല്പറഞ്ഞവ നിർത്തൽ ചെയ്തപ്പോഴും താഴെപ്പറയുന്നവ നിർബന്ധമായും ചെയ്യണം.**

എ) ......... സംസ്ഥാനം ഒട്ടുക്ക വിരുത്തി ഏർപ്പാടിന്റെ നിബന്ധനയിൽ ഉൾപ്പെട്ടുതായുള്ള കെവലം. ദെഹപ്രയത്നം.

*ശേഷം പേജ് 23 കാണുക*

# യെരുശലേമിന്റെ പുനഃ നിർമ്മാണം നെഹമ്യാവിലൂടെ



**ജെ. എഡ്വേർഡ് ജോൺ**

യെരുശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെള്ളം കിടക്കുന്നതായി നാം അകപ്പെട്ടിരിക്കുന്ന ഈ അനർത്ഥം നിങ്ങൾ കാണുന്നുവല്ലോ, വരുവിൻ; നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരുശലേമിന്റെ മതിൽ പണിയുക എന്നു പറഞ്ഞു (നെഹെ 2:17)

ലോകചരിത്രത്തിൽ യെരുശലേമിനെപ്പോലെ നിരന്തരമായി ശത്രുവിന്റെ പോരാട്ടത്തിനു വിധേയമായ ഒരു പട്ടണം ഉണ്ടായിട്ടില്ല. വേദപുസ്തകത്തിൽ ഈ നഗരത്തെപ്പോലെ മറ്റൊരു നഗരവും വർണ്ണിക്കപ്പെട്ടിട്ടില്ല. യേശുവിന്റെ പ്രവർത്തനത്തിന്റെ സിംഹഭാഗവും ഇവിടെയായിരുന്നു. എന്നാൽ യിസ്രായേലിന്റെ അഹങ്കാരവും എണ്ണമറ്റ പാപങ്ങളും തകർച്ചയ്ക്ക് കാരണമായിത്തീർന്നു.

**പാപങ്ങൾ എന്തെല്ലാം?**

1. ദൈവത്തിനു വിരുദ്ധമായി അഹങ്കരിച്ചു.
2. കൽപ്പനകൾ കേൾക്കാതിരുന്നു.
3. അനുസരിപ്പാൻ മനസ്സു കാണിച്ചില്ല.
4. കാളക്കിടാവിനെ വാർത്തുണ്ടാക്കി - ദൈവത്തിന്റെ പ്രവൃത്തികൾ ഒരു വിഗ്രഹത്തിന്റേതാക്കി.
5. അവരോടു സാക്ഷ്യം പറയുവാൻ ദൈവം അയച്ച പ്രവാചകന്മാരെ കൊന്നുകളഞ്ഞു.

സ്വന്തജനത്തിന്റെ മഹാകഷ്ടവും അപമാനവും ഇടിഞ്ഞു പൊളിഞ്ഞ യെരുശലേമിന്റെ മതിലും തീവെച്ചും ചുട്ടും കിടക്കുന്ന അതിന്റെ വാതിലുകളുടെ അവസ്ഥയും നെഹമ്യാവിനെ ദുഃഖത്തിലാഴ്ത്തി. സ്വന്തജനത്തെക്കുറിച്ചും സ്വന്തപട്ടണത്തെക്കുറിച്ചും എരിവുള്ള യഹൂദനായ ഇദ്ദേഹം അർത്ഥഹ്ശഷ്ടാ രാജാവിന്റെ പാനപാത്രവാഹകനും രാജാവിനോടും രാജകുടുംബത്തോടും കൂറുള്ളവനുമായിരുന്നു. അവന്റെ ദുഃഖം മനസ്സിലാക്കിയ രാജാവ് എല്ലാവിധത്തിലുള്ള സഹകരണം നൽകുന്നതിന് തയ്യാറായി.

ഈ ദുർബ്ബലന്മാരായ യഹൂദന്മാർ എന്തുചെയ്യുവാൻ പോകുന്നു എന്ന് ശത്രുക്കൾ കളിയാക്കിയപ്പോൾ താൻ ചെയ്തത് എന്താണ്?

കണ്ണുനീരോടും ഉപവാസത്തോടും പ്രാർത്ഥിച്ചു. തന്റെ പ്രധാന ആയുധം പ്രാർത്ഥനയായിരുന്നു.

**ദൈവനിയോഗത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം?**

1. ദൈവം ഈ ശുശ്രൂഷയ്ക്കായി വിളിച്ചു എന്ന ബോദ്ധ്യം നെഹമ്യാവിനുണ്ടായിരുന്നു.
2. ഏറ്റെടുക്കുന്ന ഉത്തരവാദിത്വത്തിന്റെ വലിപ്പം മനസ്സിലാക്കി.
3. ശത്രുവിന്റെ തന്ത്രങ്ങളെക്കുറിച്ച് ശരിയായ അറിവുണ്ടായിരുന്നു.
4. ദൈവമഹത്വം മാത്രമായിരുന്നു ലക്ഷ്യം.

ദയവും ആശങ്കയുമാണ്. പ്രവർത്തനത്തെ തളർത്തുന്ന പ്രധാന വിഷയങ്ങൾ പോകുക എന്ന് അരുമനാഥൻ കൽപ്പിച്ചാൽ മാർഗ്ഗമദ്ധ്യേയുള്ള ശത്രുഭീഷണിയും പരിഹാസവും വെല്ലുവിളികളും ഒരു യഥാർത്ഥ വേലക്കാരന് തടസ്സമായിരിപ്പാൻ പാടില്ല. ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആർ. സുവിശേഷീകരണം എന്നത് തീച്ചൂളയുടെ അനുഭവമാണ്. ചൂളയുടെ ചൂട് ഒന്നല്ല ഏഴ് മടങ്ങ് വർദ്ധിപ്പിച്ചെന്നു വരാം. ചൂടിന്റെ പൊള്ളുന്ന അവസ്ഥയിൽ അതിനെ പ്രാർത്ഥനയോടെ അഭിമുഖീകരിക്കുവാൻ തയ്യാറാകുമ്പോൾ ആ തീച്ചൂളയിലേയ്ക്ക് നാലാമനായി നമ്മുടെ രക്ഷയ്ക്ക് കടന്നുവരുന്നവനാണ് നമ്മുടെ അരുമനാഥൻ.

ഇയ്യോബിന്റെ കഷ്ടത്തിൽ അവനെ ആശ്വസിപ്പിക്കുവാൻ മൂന്നു സ്നേഹിതന്മാർ വരുന്നു. (ഇയ്യോ 2:11) പക്ഷേ അവർ ഇയ്യോബിനെ ദുഃഖിപ്പിക്കുന്ന സ്നേഹിതന്മാരായിത്തീർന്നു. എന്താണ് കാരണം? അവർ ഇയ്യോബിനെപ്പോലെ കഷ്ടതയുടെ കയ്പേറിയ അനുഭവത്തിലൂടെ കടന്നുപോയിട്ടില്ല. ഇയ്യോബിന്റെ ആത്മീകസ്ഥിതിയിലും ഉന്നതിയിലും അവർ അസുയാലുക്കളായിരുന്നു. അവസരം കിട്ടുമ്പോൾ അവനെ പരിഹസിക്കുവാനും നിന്ദിക്കുവാനും കാത്തിരുന്നവരായിരുന്നു അവർ.

കഠിനാദ്ധ്വാനിയും മാതൃകാപരമായ ജീവിതം നയിച്ചവനുമായ നെഹമ്യാവിന് തന്റെ ദേശത്തിന്റെ അവസ്ഥയെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്നു. എന്താണ് ദേശത്തിന്റെ അവസ്ഥ - യെരുശലേം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തു കിടക്കുന്നു. ജനത്തിന്റെ അവസ്ഥ - നാം അനർത്ഥത്തിൽ അകപ്പെട്ടിരിക്കുന്നു. നിന്ദാപാത്രമായിരിക്കുന്നു. അവർക്കുള്ള ഉത്തരവാദിത്വം - വരുവിൻ യെരുശലേമിന്റെ മതിലുകൾ പണിയുക.

എല്ലാ ജനങ്ങളുടെയും ഹൃദയങ്ങളിലേയ്ക്ക് ഒരു കൊടുങ്കാറ്റായി ശക്തിപ്രവാഹമായി ഈ വാക്കുകൾ ആഴ്ന്നിറങ്ങി. സ്ഥാനവും മാനവും അകറ്റി ചണ്ടികൂമ്പാരങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങിയ ഈ ആഹ്വാനം

ആത്മാർത്ഥതയുളളതാണെന്ന് തിരിച്ചറിഞ്ഞ ജനം ആവേശത്തോടെ ഏറ്റെടുത്തു.

കാരണമെന്ത്? നെഹമ്യാവ് ദൈവത്തിന്റെ നാവാണ്. അവന്റെ ലക്ഷ്യം ഒന്നു മാത്രം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി ഏറ്റെടുത്തു. ദൗത്യം പൂർത്തിയാക്കുക. സകലരും കൈയ്യോട് കൈകോർത്ത് ഒരു നല്ല പ്രവൃത്തിയ്ക്കായി സകലവും മറന്ന് ഏകലക്ഷ്യത്തോടെ മുന്നേറിയപ്പോൾ യെരുശലേമിന്റെ മതിലുകളെയും വാതിലുകളെയും പണിയുക എന്ന നല്ല പ്രവൃത്തി ദൈവീക പദ്ധതിയായി നെഹമ്യാവിലൂടെ സാദ്ധ്യമായി.

യെരുശലേമേ ആർക്ക് നിന്നോട് കനിവു തോന്നുന്നു? ആർ നിന്നോട് സഹതാപം കാണിക്കും? നിന്റെ ക്ഷേമം ചോദിപ്പാൻ ആർ കയറിവരും? (യിരെ: 15: 5) ആര് എന്ന ചോദ്യത്തിന് നെഹമ്യാവ് എന്ന് ധൈര്യത്തോടെ നമുക്കു മറുപടി പറയാം. ●

---

## ചർച്ച് വോയിസ് - ബൈബിൾ ക്വിസ്സ്

സെപ്റ്റംബർ 2016 – 2 ശമൂ. 1–8

1. "യഹോവയുടെ മുമ്പാകെ ഞാൻ നൃത്തം ചെയ്യും. ഞാൻ ഇനിയും ഇതിലധികം ഹീനനും എൻെറ കാഴ്ചയ്ക്കു എളിയവനും ആയിരിക്കും;" എന്നു പറഞ്ഞതാര്?
2. ദാവീദിൻെറ നഗരമെന്നു അറിയപ്പെടുന്ന കോട്ട?
3. തൽമായിയുടെ മകൾ?
4. "വീരന്മാർ പട്ടുപോയതു എങ്ങനെ" എന്നു വിലപിച്ചതാര്?
5. മെഫീബോശെത്ത് മുടന്തനായപ്പോൾ അവനു എത്ര വയസ്സായിരുന്നു?
6. "ഭൂമിയിലുള്ള മഹാന്മാരുടെ പേർ പോലെ ഞാൻ നിൻെറ പേർ വലുതാക്കും" എന്നു ദൈവം വാഗ്ദത്തം ചെയ്തതാരോട്?
7. കാട്ടുകലയെപ്പോലെ ശീഘ്രഗാമി ആയിരുന്നതാര്?
8. ഉപ്പുതാഴ്വരയിൽ വെച്ചു ദാവീദ് എത്ര അരാമ്യരെ സംഹരിച്ചു?
9. ആരുടെ ശവമഞ്ചത്തിൻെറ പിന്നാലെയാണ് ദാവീദ് രാജാവ് നടന്നത്?
10. "നീ ഇവിടെ കടക്കയില്ല; നിന്നെ തടുപ്പാൻ കുരുടരും മുടന്തരും മതി" എന്നു ദാവീദിനോട് പറഞ്ഞതാര്?

# ദക്ഷിണേന്ത്യാ സഭ

ക്രിസ്തീയ സഭ ഒരു ആരാധനാ സമൂഹമായി വളർന്നത് സിനഗോഗ് ആരാധനയിലൂടെയും യരുശലേം ദേവാലയ ആരാധനയുമായുള്ള ബന്ധത്തിലാണ്. എ.ഡി. 60 വരെ യരുശലേം ആരാധന സ്വീകരിക്കുകയും സിനഗോഗ് ആരാധനകളിൽ പങ്കെടുക്കുകയും ചെയ്യുന്ന രീതി ക്രിസ്തീയ വിശ്വാസികളും വച്ചു പുലർത്തിയിരുന്നു. എന്നാൽ യേശു യാഗമായി തീരുകയും, നാം എല്ലാവരും രാജകീയ പുരോഹിതവർഗ്ഗമായിരിക്കുകയും (1 പത്രോ. 2:9) ചെയ്തിരിക്കുന്നതുകൊണ്ട് വേറൊരു പുരോഹിതൻ വന്ന് യാഗമർപ്പിക്കേണ്ട കാര്യമില്ല എന്ന വേദശാസ്ത്രചിന്ത അപ്പോസ്തലന്മാരിലൂടെ വളർന്നതിന്റെ ഭാഗമായി യിസ്രായേൽ ജനം സിനഗോഗ് ആരാധനയിൽ നിന്നും യരുശലേം ആരാധനയിൽ നിന്നും വേറിട്ട് പ്രത്യേകമായി കൂടിവന്നു. തുടർന്ന് ഈ കൂട്ടായ്മ ആഴ്ചവട്ടത്തിന്റ ഒന്നാംനാളിൽ ആരംഭിച്ചതായി കാണുന്നു. ഇങ്ങനെ തുടർച്ചയായ ഒരു പ്രക്രീയയിലൂടെ വളർന്നുവന്ന സഭയിൽ വ്യത്യസ്ത കാരണങ്ങളിലൂടെ വിഭാഗീയത ഉടലെടുത്തു. പ്രധാനമായും ദൈവ ശാസ്ത്രത്തിന്റെയും വിശ്വാസ ആചാരങ്ങളുടെയും അധികാരത്തിന്റെയും പേരിലായിരുന്നു ഈ അനൈക്യം സംജാതമായത്.

ഞാനും പിതാവും ഒന്നായിരിക്കും നിങ്ങളും ഒന്നാകണം (യോഹ 17:21) എന്ന യേശുവിന്റെ വാക്കുകൾ ഉൾക്കൊള്ളുന്ന ദർശനത്തോടെയാണ് സഭ സ്ഥാപിതമായതെങ്കിലും കാലക്രമത്തിൽ ആ ദർശനം നഷ്ടപ്പെട്ട് സഭ വലിയ വിഭാഗീതയ്ക്ക് വിധേയമായി. എന്നാലും സഭാനേതാക്കളുടെ നേതൃത്വത്തിൻ കീഴിൽ പല ഐക്യശ്രമങ്ങളും ഉണ്ടായി. വേദപുസ്തകാടിസ്ഥാനത്തിലാണ് സഭൈക്യപ്രസ്ഥാനം നിലവിൽ വന്നിരിക്കുന്നത്. എഫെ. 4:4-6 വരെ പറയുന്നത് ക്രിസ്തീയ സഭ One body and One Spirit എന്നാണ്. 1 കൊരി. 12ലും ഒരു ശരീരത്തിലെ വിവിധ അവയവങ്ങളാണ് വിശ്വാസികൾ എന്നും പറയുന്നു.

1908 - ൽ തെക്കേ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന Congregational & Presbytarian Church - ഉം തമ്മിൽ ഐക്യപ്പെട്ട് SIUC (South Indian United Church) രൂപീകരിച്ചു. 1909-ൽ ഐക്യത്തെക്കുറിച്ചുള്ള വിപുലമായ കാഴ്ചപ്പാടുണ്ടായി. 1910 സഭാചരിത്രത്തിലും മിഷൻ ചരിത്രത്തിലും ഏറ്റവും പ്രധാനപ്പെട്ടതാണ് 1910 - ൽ എഡ്വിൻബറോ എന്ന സ്ഥലത്ത് ലോകമെങ്ങും പ്രവർത്തിക്കുന്ന വിവിധ മിഷണറി സംഘത്തിന്റെ പ്രതിനിധികൾ ഒരുമിച്ചു കൂടിവന്നു. ഇതിൽ 1200 പ്രതിനിധികൾ വിവിധ മിഷൻ സൊസൈറ്റികളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ഇന്ത്യയിൽ നിന്നും പങ്കെടുത്ത ബിഷപ്പ് വി.എസ്. അസറിയയെപ്പോലുള്ളവർ ഇതിന്റെ വക്താക്കളായി 1919-ൽ എസ്.ഐ.യു.സി.യുടെയും ആംഗ്ലിക്കൻ സഭയുടെയും പ്രതിനിധികൾ ചേർന്ന്

സഭൈക്യത്തെക്കുറിച്ച് ചിന്തിച്ചു. ആംഗ്ലിക്കൻ സഭ എപ്പിസ്ക്കോപ്പൽ പാരമ്പര്യത്തിൽപ്പെട്ടതും SIUC Non-Episcopal പാരമ്പര്യത്തിൽപ്പെട്ടതുമാണ്. ഇവർ 4 കാര്യങ്ങൾ ചർച്ച ചെയ്തു.

1. ദൈവവചനം രക്ഷക്കാധാരമായി സ്വീകരിക്കുക.
2. കൂദാശകൾ സ്വീകരിക്കുക.
3. അപ്പോസ്ഥല – നിഖ്യ വിശ്വാസ പ്രമാണങ്ങൾ സ്വീകരിക്കുക.
4. Historical Episcopacy അംഗീകരിക്കുക.

ചർച്ചയെ തുടർന്ന് ആദ്യ 3 – ഉം ഇരുകൂട്ടരും സ്വീകരിക്കാൻ തയ്യാറായി. എന്നാൽ 4–ാമത്തേതിന്റെ ചർച്ച പൂർത്തിയാക്കാൻ 28 വർഷമെടുത്തു (1919–1947).

28 വർഷത്തെ അക്ഷീണ പരിശ്രമഫലമായി 1947 സെപ്റ്റംബർ 27 –ന് സി.എസ്.ഐ. സഭൈക്യപ്രസ്ഥാനം പൂർണ്ണമായി 1947 സെപ്റ്റംബർ 27–ാം തീയതി ചെന്നൈയിലെ സെന്റ് ജോർജ്ജ് കത്തീഡ്രൽ ചർച്ചിൽ വച്ച് സി.എസ്.ഐ. എന്ന ഐക്യസഭ ഉത്ഘാടനം ചെയ്യപ്പെട്ടു. 2016 സെപ്റ്റബർ 27– ന് 69 വർഷം പൂർത്തിയാകുന്നു. ഇന്ന് സി.എസ്.ഐ.യ്ക്ക് 24 മഹായിടവകകൾ ഉണ്ട്. സി.എസ്.ഐ. യുടെ ആപ്തവാക്യം That they all may be one' (St. John 17:21) ആണ്.

*Rev.T. Selvarajan, Rev. Dr. Jyothi Issac,*
*Rev. T. Velvet John, Rev. N.R. Sanil Kumar*

---

*പേജ് 18 ന്റെ തുടർച്ച (കരം)*

ബി) തിരുവനന്തപുരത്തു അഞ്ചടിയന്തിരം, മുറജപം വിശെഷാലായൊ, അപൂർവ്വമായൊ ഒണ്ടാകുന്ന മറ്റു അടിയന്തിരങ്ങൾ ഇവകൾക്കും 0രം വിളംബരത്തിലെ 1 വകുപ്പിനാൽ ഒഴിക്കപ്പെട്ടിരിക്കുന്നതിൽ ഉൾപ്പെടാത്തതായും കീഴ്നടപ്പിൻ പ്രകാരവുമുള്ള മറ്റു ആവശ്യങ്ങൾക്കും കൊപ്പുകളും സാമാനങ്ങളും ഏൽപ്പിക്കുന്നതായ ഊഴിയം.

3) വിരുത്തി ഊഴിയത്തെയും വിരുത്തി വസ്തുക്കളെയും സംബന്ധിച്ചു പരിശൊധന നടത്തി വ്യവസ്ഥ ചയ്യാൻ വർഷം 1061 മാണ്ട് ഇടവമാസം 4–ാം തീയതി വിളംബരത്താൽ ഉദ്ദെശിക്കപ്പെട്ടിരിക്കുന്നതിന്മണ്ണം ഒള്ള നടപടി ഇതിനാൽ നല്കപ്പെട്ടിട്ടുള്ള സഹായത്തെ കൂടി വെണ്ടപോലെ ഗണിച്ചു നടത്തപ്പെടുന്നതാകുന്നു.

തിരുവിതാംകൂർ ചരിത്രം പേജ് – 224–225 ശങ്കുണ്ണിമേനോൻ പറയുന്നു: "ഹൈന്ദവ നിയമങ്ങളുടെ ഉപജ്ഞാതാവായ 'മനു' വിലെ ഉദ്ധരണിയിൽ നിന്ന് ...... ദാരിദ്ര്യംമൂലം മരിക്കുവാൻ പോവുകയാണെങ്കിൽകൂടിയും ബ്രാഹ്മണരിൽ നിന്ന് ഒറ്റ കാശുപോലും രാജാവ് നികുതിയായി പിരിക്കരുത്." പേജ് – 299 "ക്ഷാമ കാലങ്ങളിൽ ബ്രാഹ്മണർ ഒഴികെയുള്ള എല്ലാ ജാതികളിലുംപെട്ട ആളുകളെ തുറന്ന കമ്പോളത്തിൽ ആവശ്യക്കാർക്ക് വില്പന നടത്തുമായിരുന്നു."

*തുടരും...*

# വാർദ്ധക്യം



കാഴ്ചയ്ക്ക് മങ്ങലേറ്റ ഒരു പടുകിഴവനുണ്ടായിരുന്നു ഒരിടത്ത്. കാതുകൾ കേൾക്കാൻ വയ്യാത്ത, മുട്ടുകൾ വിറയ്ക്കുന്ന വൃദ്ധൻ. ആഹാരം കഴിക്കാൻ അയാൾ മേശയ്ക്കരികിൽ ഇരിക്കും. അപ്പോൾ കരണ്ടി താഴെ വീഴും കൈയ്യിൽ നിന്ന്. സൂപ്പു വായിൽ നിന്ന് ഒലിച്ചുവരും. ഇത് അയാളുടെ മകനും മരുമകൾക്കും വെറുപ്പുണ്ടാക്കി. അവർ അതുകൊണ്ട് അയാളെ ഒരു മൂലയിലാക്കി. മൺപാത്രത്തിലാണ് തുടർന്ന് അയാൾക്ക് ആഹാരം നൽകിയത്. വൃദ്ധൻ ദുഃഖത്തോടെ മേശയിലേയ്ക്ക് നോക്കി കരയുമായിരുന്നു. ഒരു ദിവസം അയാളുടെ വിറയ് ക്കുന്ന കൈയ്യിൽ നിന്നും മൺപാത്രം താഴെ വീണ് പൊട്ടിച്ചിതറി. മരുമകൾ അയാളെ ഏറെ കുറ്റപ്പെടുത്തിയിട്ട് ഒരു മരപ്പാത്രം വാങ്ങിക്കൊടുത്തു.

ഒരുദിവസം അവരുടെ 4 വയസ്സായ കുട്ടി തറയിൽ കൊച്ചു പലകതുണ്ടുകൾ ചേർത്തുവച്ച് കാടിത്തൊട്ടിയുണ്ടാക്കി. നീ അവിടെ എന്തു ചെയ്യുന്നു? എന്ന് മാതാപിതാക്കൾ ചോദിച്ചപ്പോൾ കുട്ടി പറഞ്ഞു അച്ഛനമ്മമാർ വയസാകുമ്പോൾ നിങ്ങൾക്ക് ആഹാരം കഴിക്കാൻ വേണ്ടി ഞാനൊരു കൊച്ചു തൊട്ടിയുണ്ടാക്കുകയാണ്. ഭർത്താവും ഭാര്യയും കുറച്ചുനേരം പരസ്പരം നോക്കിയിരുന്നു അവർ കരഞ്ഞു. പിന്നീട് എല്ലാ ദിവസങ്ങളിലും വൃദ്ധൻ മേശയ്ക്കടുത്തിരുന്ന് അവരോടൊപ്പം തന്നെയാണ് ആഹാരം കഴിച്ചത്. കിഴവന്റെ വായിൽനിന്നും സൂപ്പ് ഒലിച്ചിറങ്ങിയാലും അവർ വെറുത്തില്ല.

പ്രിയരെ സെപ്റ്റംബർ 25 മുതിർന്ന പൗരന്മാരുടെ ഞായറാഴ്ചയായി നാം ആഘോഷിക്കുന്നു. സീനിയർ സിറ്റിസൺസ് സണ്ടേ എന്നത് അവരെ കരുതുകയും സ്നേഹിക്കയും ചെയ്യുന്നതിന്റെ ആഘോഷമാണ്. ഇന്ത്യൻ സംസ്ക്കാരത്തിൽ അവരെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിപ്പിക്കുന്നു. മാതാ–പിതാ–ഗുരു–ദൈവം. മാതാപിതാക്കളുടെ അസാമാന്യബുദ്ധി വൈഭവം അനുഭവത്തിന്റെ തീചൂളയിൽ നിന്നും സ്ഫുടം ചെയ്തെടുത്തതാണ്.

Old age is like climbing a mountain.
The higher you get the more tired
and breathless you become, But your
view become more extensive'

മാതാപിതാക്കളെ കരുതേണ്ടത് മക്കളുടെ ചുമല തന്നെ യാതൊരു മാറ്റവുമില്ല. സുഖത്തോടും, ക്ഷമയോടും, കരുതലോടും കൂടെ അവർക്കൊപ്പം ജീവിക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. നമുക്ക് അവരെ സ്നേഹിക്കാം.

സ്നേഹപൂർവ്വം,
**സനിലച്ചൻ.**

# Bible Quiz

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Second Book of Samuel (NIV), chapters 1 to 8.** Kindly, read these chapters before attempting the quiz. These eight chapters describe initial days of David as king of Judah and then whole of Israel.

Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible, kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions given on page ##. Submit your answers written in English or Malayalam before September 14th at the CSI MM Church Office or email us at cvquiz@mateermemorialchurch.com

1. Who said, "I will celebrate before the LORD, I will become even more undignified than this, and I will be humiliated in my own eyes"?
2. The fortress which is also known as the City of David?
3. Daughter of Talmai?
4. Who lamented, "how the mighty have fallen"?
5. How old was Mephibosheth when he became crippled?
6. To whom did God promise, "now I will make your name great, like the names of the greatest men of the earth.?
7. Who was as fleet footed as a wild gazelle?
8. How many Edomites did David strike down in the Valley of Salt?
9. Behind whose bier did King David walk?
10. Who told David, "you will not get in here; even the blind and the lame can ward you off"?

The correct answers to the quiz from 1 Samuel 21 to 31

1. Achish king of Gath 21:10-15
2. Doeg the Edomite 22:18
3. Strongholds of En Gedi 23:25-29
4. David 24:10
5. Abigail 25:3
6. Abishai 26:7
7. A year and four months 27:7
8. Saul 28:3
9. Four hundred 30:10-19
10. Mount Gilboa 31:8

**List of people who had submitted the right answers** (along with the reference)

1. Helen Saramma
2. Vathsala Lal
3. Meehal Godwin
4. Mahil Ajith
5. Shireen Evangeline Ross
6. Grace Ammal V.
7. Mahi Stanley
8. Geetha Mini D.
9. Lilora P. R.
10. Blesswin Dev S. S.
11. Smitha Sanil
12. Lalitha Jacob
13. Nirmala Lal Jayakumar
14. Soben S. L.
15. Premila Janelet Sylam
16. Sujana Satish
17. Reuben S. L.
18. Susheela Jamestone

## Circle Prayer List for September 2016

| Date | F No | Name | Address | Area Deacon | Presbyter |
|---|---|---|---|---|---|
| 2-9-16 | 2028 | Mr.Rajesh V R | Vijay,TC 14/1282(2),OVRA C80,Lenin Nagar Road,TVM 14 | Mr. Edward John | Rev N R Sanil Kumar |
| 2-9-16 | 2094 | Mr. Solomon P | Lotus,CRA K1,TC 11/1594,YMR | Er Priya Joy | Rev T Selvarajan |
| 2-9-16 | A410 | Mr. Jaju Jacob | 121, IVY Villa, Palace gardens, Golf Links road | Er C L Lal | Rev Dr Jyothi Isaac |
| 6-9-16 | 1851 | Mr.Vipin Nelson | TC 24/443,CRA G28, Charachira,TVM 3 | Er Priya Joy | Rev T Selvarajan |
| 6-9-16 | 1397 | Mr.Deva Prasad L | Sruthi,C 6, Rock Gardens, Manikanteshwaram, TVM 13 | Er Ceragil Austin Prince | Rev T Velvet John |
| 6-9-16 | 2057 | Er.Sheela R Thyaga Raj | HsNo-C 3,C Lane, Chalakuzhy | Prof Oliver A Maison | Rev N R Sanil Kumar |
| 9-9-16 | 2031 | Mr.Suresh Babu D | TC 11/1642,GV 46,Charachira,TVM 3 | Er Priya Joy | Rev T Selvarajan |
| 9-9-16 | 862 | Mr.Wilfred Raj D | Vijili Villa,TC 9/2421,A 110,Sreerangam Lane,TVM 10 | Er Lal C L | Rev T Velvet John |
| 9-9-16 | 1519 | Mr.Anil Kumar D L | Raji Bhavan, Maranchilkonam, Nadukadu,Naruvamoodu | Mr. Arthur Roosevelt | Rev Dr Jyothi Isaac |
| 9-9-16 | 1232 | Mr.Mohan J | Primrose,VRA 50, Vayalikada,Mukkola, TVM 44 | Er Ceragil Austin Prince | Rev N R Sanil Kumar |
| 13-9-16 | 1649 | Mr.Alphonse J | Panayil Veedu, TC 2/1705-1,GRA 651, Goureshapattom,TVM 4 | Prof Oliver A Maison | Rev T Selvarajan |
| 13-9-16 | T523 | Mr. Rajeev Kumar R R | Shalom, FOR A 99, Near Valsala Nursing Home, Vazhuthacaud | Mr Edward John | Rev T Velvet John |
| 13-9-16 | T520 | Mr. Antony V | D29, Maithri Nagar, Valiyavila | Mr. Arthur Roosevelt | Rev Dr Jyothi Isaac |
| 13-9-16 | T521 | Mr. Johny S | Pearl Villa, Pipinmoodu, Shasthamangalam, TVM | Er C L Lal | Rev N R Sanil Kumar |
| 16-9-16 | 2030 | Adv Binukuttan | Abhaya,TC 17/2165,S 121,Sai Ram Road,Poojapura. | Mr. Arthur Roosevelt | Rev Dr Jyothi Isaac |

| | | | | | |
|---|---|---|---|---|---|
| 16-9-16 | T522 | Mr. David A | Amen House, Kanaka Nagar, TVM 3 | Er C L Lal | Rev T Velvet John |
| 16-9-16 | T528 | Mr. Santhosh Kumar J R | Anugraha, CRRA 3A, Chirakulam Road, Statue, TVM 1 | Mr. Edward John | Rev T Selvarajan |
| 20-9-16 | 1846 | Er.Soni Das Y S | Shalom,MRA 65A, Manchadivila,Nanthencode,Kowdiar P.O, TVM 3 | Er Priya Joy | Rev T Selvarajan |
| 20-9-16 | T524 | Mr. Rajeev T | PRA 149, RDI Junction Parris Road, Near Valsala Nursing Home, Nandavanam,TVM | Mr. Edward John | Rev T Velvet John |
| 20-9-16 | T530 | Mr. John Benson | Shalom, AERA 242, Thirumala | Er Arthur Roosevelt | Rev Dr Jyothi Isaac |
| 23-9-16 | 1407 | Dr.Christudas M | TC 11/1376, Bains Compound-47, Nanthencode,TVM 3 | Mrs Freeda Christopher | Rev Dr Jyothi Isaac |
| 23-9-16 | T527 | Mr. Rajan E | Christ House, Chirakulam Road, Statue, TVM | Mr Edward John | Rev T Selvarajan |
| 23-9-16 | 2091 | Mr.Gladston D | SBN 6,Linitha,Near Maripankodu Devi Temple,NCC Road,Ambalamukku | Er Ceragil Austin Prince | Rev T Velvet John |
| 27-9-16 | T525 | Mr. Thankappan Nadar | Vinod Bhavan, PMRA B26, Manganoorkonam, Pattom | Er C L Lal | Rev Dr Jyothi Isaac |
| 27-9-16 | T531 | Mr. Bright G | Sharon Villa, Athami Lane, Vanchiyoor | Mr. Edward John | Rev T Selvarajan |
| 27-9-16 | 1990 | Dr.Santhosh Kumar D | Santhosh Nivas,TC 10/1006-1,MRA 3B,Mannamoola, Peroorkada,TVM 5 | Er Ceragil Austin Prince | Rev T Velvet John |
| 30-9-16 | 1779 | Mr.Prajod Viswanathan | El-Shaddai,TC 14/914-2,Sauhrida Lane,Pothujanam Road, Kumarapuram,TVM 11 | Prof Oliver A Maison | Rev N R Sanil Kumar |
| 30-9-16 | 1778 | Er.Lal C L | Blessing,Hs No-B24, Meads Lane,Palayam, TVM 34 | Mr Edward John | Rev T Velvet John |
| 30-9-16 | 1435 | Mr.Vijay Justin | Zion Villa,SNRA 47A,Ambalathunada,Pullipura,Near St.Thomas School,Mukkola,Trivandrum | Er Ceragil Austin Prince | Rev T Selvarajan |

# Events up to 17-08-2016

## Crossed Jordan to be with the Lord

| Sl No | Family No | Name | |
|---|---|---|---|
| 1 | 0486 | Mrs.Irene Marian Arthur<br>Mani Mandiram,TC 11/1426-1,NCRA 101A<br>,Nanthencode,TVM 3<br>Died on:- 05-08-2016 |  |
| 2 | 0934 | Mr.Charles J<br>Sagara Residents-<br>233,Choozhampala,Mukkola,TVM 44<br>Died on:- 05-08-2016 |  |
| 3 | 0693 | Mrs.Komala Kumari L<br>Praveena,TC 15/1601-1,HsNo-81,M P Appan<br>Road,Vazhuthacaud<br>Died on:- 08-08-2016 |  |
| 4 | 0346 | Mrs.Rachel Leela David Lee<br>TC 8/1850,VRA<br>105A,Vettamukku,Thirumala,TVM 6<br>Died on:- 09-08-2016 |  |
| 5 | 1439 | Mr.Praveen Clement<br>Ist Floor,GV 60,TC 11/753-1,Robin Villa,Vayal<br>Road,Nanthencode,Kowdiar P.O,TVM 3<br>Died on:- 09-08-2016 |  |
| 6 | 1718 | Mr.Sivanandan G<br>Koothakodu<br>Vadakumkara,Puthenveedu,Moongodu,Peyad,P.O<br>Died on:- 11-08-2016 |  |
| 7 | 1469 | Mr.Kinchin Thomas<br>Medayam,H No-E15,Devaswam<br>Lane,Kesavadasapuram, TVM 4<br>Died on:- 13-08-2016 |  |

### ➲ *Unity Quote*

***When there is no enemy within, the enemies outside cannot hurt you"***

***- Winston S. Churchil***

**Fifteenth Anniversary**
**03-09-2016**



# MABEL JACOB

"Ever in our hearts"

*by Loving Husband, Children, Grandchildren, great Grand children, Friends & Relatives*

## Women's Fellowship

By the Grace of God Almighty, the M.M. Church Women's Fellowship is functioning in a very good manner on Wednesdays and Sundays. From the money that was raised by conducting a Breakfast & Jumble sale, we were able to give a helping hand to some people as educational help.

September 11$^{th}$ to 18$^{th}$ will be observed as Family Week and September 18$^{th}$ will be Family Sunday. On that day Women's Fellowship members would take the leading role in all the services. A Fancy Sale in connection with the Family Week would be conducted on 11-09-2016, at TJM Hall from 8.30 A.M. onwards. The proceeds would be utilised for charitable purpose. We earnestly request the full hearted support and co-operation from all the Church members. During Family Week, we will visit the houses of the aged and sick people of our church and a Cottage prayer will also be held.

We went for an excursion to Bangalore on 12$^{th}$ of August and returned on 16$^{th}$ morning. Our thanks to Rev. Velvet John, who had made this possible, and had made all the arrangements. Please uphold us in your prayers.

All praise and Glory to God Almighty

Secretary

Women's Fellowship

# Third Death Anniversary
# 13-08-2016



*In Fond Memory of*

# ANNAMMAL SARADA WILSON

02-08-1950 13-08-2013

Watts Lane, Nanthencode

'

By Sorrowing Family

James Wilson, Dilip Wilson, Jasmine &

Leona Prathap Wilson & Tejal Tilak Baker

***Memorial days observed on 2nd August and***
***13th August in Balika Mandiram, LMS Compound***

Grace Printers, Mob: 9447059891